

"പരിയാരം മെഡിക്കൽ കോളജിലെ സാമ്പത്തികപ്രതിസന്ധി മുൻഭരണസമിതി ഉണ്ടാക്കിയതാണെന്ന ആരോപണം അടിസ്ഥാന രഹിതമാണ്. ആരോപണങ്ങൾ സംബന്ധിച്ച് ഏത് അന്വേഷണവും നേരിടാൻ തയ്യാർ.
എം.വി.രാഘവൻ

"'പൈതലായ' രാഹുൽഗാന്ധി എന്ന മുഖ്യമന്ത്രിയുടെ പരാമർശം അദ്ദേഹത്തിന്റെ പദവിക്കും മാന്യതയ്ക്കും നിരക്കാത്തതാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ജനറൽസെക്രട്ടറിയുടെ പ്രസ്താവനകളെ പരിഹാസരൂപത്തിൽ കാണുന്ന മുഖ്യമന്ത്രിയെ 'മൂപ്പിലാൻ' എന്നു വിളിച്ചാൽ അദ്ദേഹത്തിന് ഇഷ്ടമാകുമോ?
കെ.പി.സി.സി വക്താവ് എം.എം. ഹസ്സൻ

വാർത്തകൾ ചുരുക്കത്തിൽ

മൂന്നാറിൽ വനം കൈയേറിയെങ്കിൽ നടപടി: മന്ത്രി ജയറാം രമേഷ്

കൊച്ചി: മൂന്നാറിൽ വനം കൈയേറ്റം നടന്നിട്ടുണ്ടെങ്കിൽ അതിനെതിരേ നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി ജയറാം രമേഷ് പറഞ്ഞു. വനപരിപാലന നിയമം കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലാണെന്നും കൊച്ചിയിലെ ഒരു ചടങ്ങിൽ പങ്കെടുക്കാനെത്തിയ അദ്ദേഹം പത്രലേഖകരോടു പറഞ്ഞു.

അതിരപ്പിള്ളി മറ്റൊരു സൈലന്റ് വാലി

വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വരുന്നതുവരെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കാൻ നിർദ്ദേശിച്ചതായും മന്ത്രി അറിയിച്ചു. വിദഗ്ദ്ധസമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചശേഷം തുടർനടപടി സ്വീകരിക്കും.

അതിരപ്പിള്ളി മറ്റൊരു സൈലന്റ് വാലിയാണ്. അത് സംരക്ഷിക്കേണ്ടത് സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യമാണ്. പരിസ്ഥിതി സംഘടനകളുടെ പരാതികളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബിക്കു നല്കിയ കാരണംകാണിക്കൽ നോട്ടീസിന് മറുപടി ലഭിച്ചിട്ടുണ്ട്.

തടയണ പൊളിക്കുന്നതിനെതിരെ ടാറ്റ മൊഴിനല്കി

മൂന്നാർ : മൂന്നാറിൽ ടാറ്റ നിർമ്മിച്ച തടയണകൾ പൊളിച്ചു മാറ്റുന്നതിനെതിരെ എന്തെങ്കിലും കാരണങ്ങളുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ നല്കിയ നോട്ടീസ്പ്രകാരം ടാറ്റാ ടീ അധികൃതർ കളക്ടറുടെ അടുത്തെത്തി മൊഴിനല്കി. ഹൈക്കോടതി ഉത്തരവിൻപ്രകാരമാണ് ടാറ്റാ കമ്പനിക്ക് രണ്ടാമതും ജില്ലാ കളക്ടർ അശോക്കുമാർ സിൻഹ നോട്ടീസ് നല്കിയത്. അഡ്വ. യൂസഫിന്റെ സാന്നിദ്ധ്യത്തിൽ ടാറ്റ കമ്പനിയുടെ മൂന്നാറിലെ മാനേജർ രാമദാസാണ് ജില്ലാ കളക്ടർ മുമ്പാകെ ഇന്നലെ മൊഴിനല്കിയത്.

ഇത് തടയണയല്ലെന്നും ബണ്ടാണെന്നും രാജഭരണകാലം തൊട്ട് ഈ ബണ്ട് ഇവിടെ നിലവിലുള്ളതാണെന്നും അതിനാൽ പൊളിച്ചുനീക്കേണ്ടതില്ലെന്നുമായിരുന്നു രാമദാസിന്റെ മൊഴി. കാരണംകാണിക്കൽ നോട്ടീസ് നല്കാൻ കളക്ടർക്ക് അധികാരമില്ലെന്നും മാനേജർ വാദിച്ചു. തടയണ പുതുക്കി പണിയുക മാത്രമേ ചെയ്തുള്ളു. ഇതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്നും മൊഴിയിൽ പറയുന്നു.

കൈയേറ്റ മേഖല ഐ.ജി ബി. സന്ധ്യ സന്ദർശിച്ചു

മൂന്നാർ: മൂന്നാറിലെ കൈയേറ്റ മേഖല എറണാകുളം റെയ്ഞ്ച് ഐ.ജി. ബി. സന്ധ്യ സന്ദർശിച്ചു. കൈയേറ്റം സംബന്ധിച്ച് പഠിക്കാനും, ഒഴിപ്പിക്കുമ്പോൾ ഏതുവിധത്തിൽ പൊലീസിനെ വിന്യസിക്കണമെന്ന് മനസ്സിലാക്കുന്നതിനുമാണ് സന്ദർശനം. ഇന്ന് മൂന്നാർ ഡിവൈ.എസ്.പി ഓഫീസിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിലും ഐ.ജി പങ്കെടുക്കും.

വരുംദിവസം റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നിവേദിത പി. ഹരനും മൂന്നാർ സന്ദർശിക്കുമെന്നാണ് സൂചന. ഇതിനുശേഷം കൈയേറ്റങ്ങൾക്കെതിരെ ശക്തമായ നടപടിയുണ്ടാകും. ടാറ്റയുടെ ബംഗ്ളാവുകൾ വാടകയ്ക്കെടുത്ത നേതാക്കളെക്കുറിച്ചും, ഉന്നത ഉദ്യോഗസ്ഥരെ സംബന്ധിച്ചും സ്പെഷ്യൽ ബ്രാഞ്ച് വിവരശേഖരണം തുടങ്ങി.

കുണ്ടള ചിറ്റുവരെ എസ്റ്റേറ്റിലെ ടാറ്റ ടീ തൊഴിലാളികൾ അനധികൃത ഡാമും, വൈദ്യുതിവേലിയും പൊളിക്കരുതെന്ന് ആവശ്യപ്പെട്ട് ഇന്നലെ സൂചനാ പണിമുടക്ക് നടത്തി.

കാപ്പിത്തോട്ടം കൈയേറ്റം : യു.ഡി.എഫ് നേതാക്കൾ 12 ന് സ്ഥലം സന്ദർശിക്കും

തിരുവനന്തപുരം : ശ്രേയാംസ്കുമാർ എം.എൽ.എയുടെ കൈവശസ്ഥലം കൈയേറിയ സംഭവത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ 12 ന് രാവിലെ കല്പറ്റ ടി.ബിയിൽ യു.ഡി.എഫ് നേതൃയോഗം ചേരും.

ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ് കൺവീനർ പി.പി. തങ്കച്ചൻ, കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല, പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി എം.എൽ.എ, ആർ. ബാലകൃഷ്ണപിള്ള, എം.വി. രാഘവൻ, രാജൻബാബു, ജോണി നെല്ലൂർ, ഷിബു ബേബി ജോൺ, എം.ഐ. ഷാനവാസ് എം.പി, ജനതാദൾ നേതാക്കൾ എന്നിവർ സ്ഥലം സന്ദർശിക്കും.

മുന്നണി വിട്ടതിന്റെ പ്രതികാരം

തിരുവനന്തപുരം : എം.വി. ശ്രേയാംസ്കുമാർ എം.എൽ.എയുടെ കൈവശഭൂമി കൈയേറിയത് ഫാസിസ്റ്റ് നിലപാടാണെന്ന് ആർ. എസ്.പി (ബി) ജന. സെക്രട്ടറി ഷിബു ബേബി ജോൺ പ്രസ്താവിച്ചു. ജനതാദൾ ഇടതുപക്ഷ മുന്നണി വിട്ടതിന്റെ പ്രതികാരമാണിതെന്നും പ്രസ്താവനയിൽ പറഞ്ഞു.

നിയമലംഘനം: വീരേന്ദ്രകുമാർ

തിരുവനന്തപുരം : നിയമത്തിന്റെ നഗ്നമായ ലംഘനമാണ് അഡ്വ. ജോർജ് പോത്തന്റെ തോട്ടം കൈയേറിയതിലൂടെ സി.പി.എം നടത്തിയിരിക്കുന്നതെന്ന് ജനതാദൾ (എസ്) സംസ്ഥാന പ്രസിഡന്റ് എം.പി. വീരേന്ദ്രകുമാർ പറഞ്ഞു.

പൊലീസ് അക്കാഡമിയിൽ പണപ്പിരിവ്: രണ്ടുപേർക്ക് സസ്പെൻഷൻ

തൃശൂർ: പൊലീസ് അക്കാഡമിയിൽ പുതിയ ട്രെയിനികളിൽ നിന്ന് പണപ്പിരിവ് നടത്തിയ രണ്ടുപേരെ സസ്പെൻഡ് ചെയ്തു. ഹവിൽദാർമാരായ സോണിക് ജോസഫ്, ജിജു വി. രാജു എന്നിവരെയാണ് അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തത്.

ട്രെയ്നികളെ റാഗിംഗിന് വിധേയമാക്കി പീഡിപ്പിച്ച സംഭവത്തിൽ ഹവിൽദാർമാരായ വഹാബ്, സോണി എന്നിവരെ കടുത്ത പരിശീലനത്തിന് മലപ്പുറം എം.എസ്.പി. ക്യാമ്പിലേക്ക് അയച്ചു. ട്രെയ്നികളിൽ ചിലരെ തലകീഴായി നിറുത്തിക്കുകയും മറ്റും ചെയ്തിരുന്നു. പണപ്പിരിവിനു പിന്നിൽ ഒരു എസ്.ഐ. യും ഉണ്ടെന്ന് സൂചനയുണ്ട്. പാലക്കാടുനിന്ന് പരിശീലനത്തിന് എത്തിയ മുന്നൂറോളം പേരിൽ നിന്നാണ് നൂറു രൂപ വീതം രണ്ടു ഘട്ടങ്ങളിലായി പിരിവ് നടത്തിയത്. പരിശീലകരായ അദ്ധ്യാപകർക്ക് നൽകാനാണെന്ന് പറഞ്ഞാണ് പണം പിരിച്ചത്. മറ്റൊരു ഹവിൽദാർ വിവരമറിഞ്ഞ് മേലുദ്യോഗസ്ഥരെ അറിയിക്കുകയായിരുന്നു.

സ്നേഹക്കുടുക്കകളിലെ നന്മയിൽ രേഷ്മയ്ക്ക് സ്വപ്നഗൃഹം

എം. ഡി. സ്കൂൾ ഏഴാം ക്ളാസ് വിദ്യാർത്ഥിനി രേഷ്മ തമ്പിയും കുടുംബാംഗങ്ങളും പുതുതായി നിർമ്മിച്ച വീടിന് മുന്നിൽ

കോട്ടയം: ആ 'സ്നേഹക്കുടുക്ക'കളിലെ നന്മയിൽ, സ്വന്തം വീട് എന്ന രേഷ്മയുടെ സ്വപ്നത്തിന് സാഫല്യം.

സഹപാഠികളും അധ്യാപകരും മറ്റു ജീവനക്കാരും ചേർന്ന് നിർമ്മിച്ചു നല്കിയ വീടിന്റെ താക്കോൽ കൈനീട്ടി വാങ്ങിയപ്പോൾ കോട്ടയം എം.ഡി. ഹൈസ്കൂൾ വിദ്യാർത്ഥിനി രേഷ്മയുടെ കണ്ണുകൾ നിറഞ്ഞുതൂവുന്നുണ്ടായിരുന്നു.

രേഷ്മയ്ക്കായി സ്കൂളിലെ കൂട്ടുകാർ പണക്കുടുക്കയിലൂടെ സ്വരൂപിച്ചത് ഒന്നരലക്ഷം രൂപയാണ്. വിരമിച്ചുപോയവരുൾപ്പെടെ അധ്യാപകർ നല്കിയത് രണ്ടരലക്ഷം. മറ്റു ജീവനക്കാരും നാട്ടുകാരുമൊക്കെ സഹായിച്ചപ്പോൾ രേഷ്മയ്ക്ക് വീടായി. രേഷ്മയ്ക്കു മാത്രമല്ല, തീർത്തും നിർധന കുടുംബത്തിൽ നിന്നുള്ള ഗിരീഷ് കമ്മത്ത്, സച്ചിൻ കെ. ജോൺ, നിവിയ മോൾ, ബബിൽ സെബാസ്റ്റ്യൻ എന്നീ വിദ്യാർത്ഥികൾക്കുമുള്ള വീടുകളുടെ താക്കോൽ ദാനമാണ് സ്കൂളിൽ ഇന്നലെ സ്പീക്കർ കെ. രാധാകൃഷ്ണൻ നിർവഹിച്ചത്.

ബി.പി.എൽ സർവേയ്ക്കിടെയാണ് അധ്യാപകർ രേഷ്മയുടെ വീടിന്റെ ദുരവസ്ഥ തിരിച്ചറിഞ്ഞത്. കോട്ടയം ചന്തക്കടവിലെ ചുമട്ടുതൊഴിലാളിയാണ് രേഷ്മയുടെ അച്ഛൻ തമ്പി. തുടർന്നു നടത്തിയ അന്വേഷണത്തിൽ സ്കൂളിലെ മറ്റ് നാല്പതു കുട്ടികൾക്കുകൂടി വീടില്ലെന്ന് കണ്ടെത്തി. ഇവരിൽ ഏറ്റവും അർഹരായ അഞ്ചു കുട്ടികൾക്ക് വീട് നിർമ്മിച്ചു നല്കാൻ ഹെഡ്മാസ്റ്റർ ജേക്കബ് സാറിന്റെ ആശയമായിരുന്നു 'സ്നേഹക്കുടുക്ക.' ഇതേക്കുറിച്ച് 'കേരളകൗമുദി' നേരത്തേ റിപ്പോർട്ട് ചെയ്തിരുന്നു.

പദ്ധതിയുടെ ആദ്യഘട്ടമായാണ് സ്കൂളിന്റെ സ്ഥാപകൻ പുലിക്കോട്ടിൽ തിരുമേനിയുടെ ചരമശതാബ്ദി ആചരണത്തിന്റെ ഭാഗമായി അഞ്ചുപേർക്ക് വീട് പണിതുനല്കിയത്. ആകെ ഏഴരലക്ഷം രൂപ പിരിഞ്ഞുകിട്ടി. അഞ്ചുവീടുകളുടെ പണി തീർന്നപ്പോൾ രണ്ടരലക്ഷം കടം. വരുംവർഷങ്ങളിൽ വീടില്ലാത്ത മുഴുവൻ കുട്ടികൾക്കും വീട് നല്കാൻ പദ്ധതിയുണ്ടെന്ന് ഭവന നിർമ്മാണ കമ്മിറ്റി കൺവീനർ ജോൺ മാത്യു പറഞ്ഞു.

പോൾ വധം: പ്രതികളെ ഇന്ന് ഹാജരാക്കണം

കൊച്ചി : മുത്തൂറ്റ് പോൾ ജോർജ് വധക്കേസിലെ പത്ത് പ്രതികൾക്കെതിരെ എറണാകുളം ചീഫ് ജുഡിഷ്യൽ മജിസ്ട്രേട്ട് കോടതി പ്രൊഡക്ഷൻ വാറണ്ട് പുറപ്പെടുവിച്ചു. ജുഡിഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന പ്രതികളെ ഇന്നു കോടതിയിൽ ഹാജരാക്കാൻ ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശമുണ്ട്.

പ്രതികളെ ചോദ്യംചെയ്യലിന് വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് സി.ബി.ഐ സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് ഉത്തരവ്. പ്രതികളുടെ റിമാൻഡ് കാലാവധി ഇന്ന് അവസാനിക്കുകയാണ്. സി.ബി.ഐ അഡിഷണൽ സൂപ്രണ്ട് നന്ദകുമാർ നായർ നേരിട്ട് ഹാജരായാണ് അപേക്ഷ നല്കിയത്. വിയ്യൂർ, തിരുവനന്തപുരം സെൻട്രൽ ജയിലുകളിലാണ് പ്രതികളുള്ളത്. ഗുണ്ടാനേതാക്കളായ ഓംപ്രകാശിനും പുത്തൻപാലം രാജേഷിനും ഈ കേസിൽ ജാമ്യം ലഭിച്ചിരുന്നെങ്കിലും മറ്റു കേസുകളിൽ ഇവർ തിരുവനന്തപുരം ജയിലിലാണ്.

കള്ള്ഷാപ്പ് സ്ഫോടനം: ഉപയോഗിച്ചത് ഉഗ്രശക്തിയുള്ള ബോംബ്

മലപ്പുറം: മലപ്പുറം ജില്ലയിൽ സ്ഫോടക വസ്തുക്കൾ യഥേഷ്ടം ലഭ്യമാകുന്നുവെന്നാണ് അരീക്കോടിനടുത്ത് കവിനടയിലെ കള്ളുഷാപ്പ് ബോംബ്വച്ച് തകർത്ത സംഭവം സൂചിപ്പിക്കുന്നത്. ഉഗ്രസ്ഫോടന ശക്തിയുള്ള ബോംബാണ് ഉപയോഗിച്ചതെന്നാണ് ഫോറൻസിക് സംഘത്തിന്റെ പ്രാഥമിക നിഗമനം. വെള്ളിയാഴ്ച രാത്രികഴിഞ്ഞ് ഒരു മണിയോടെയാണ് പരിസരവാസികളെ ഭയപ്പെടുത്തുംവിധമുള്ള ശബ്ദത്തോടെ സ്ഫോടനം ഉണ്ടായത്. സ്ഫോടനത്തിൽ കള്ളുഷാപ്പ് കെട്ടിടത്തിന്റെ അടിത്തറവരെ ഇളകിത്തെറിച്ചിരുന്നു.

തൃശൂരിലെ പൊലീസ് ഫോറൻസിക് ലാബിൽനിന്നുള്ള പരിശോധനാ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഏതു തരത്തിലുള്ള സ്ഫോടക വസ്തുക്കളാണ് ഉപയോഗിച്ചതെന്ന് വ്യക്തമാകൂ.

മൂന്നാർ തടയണകൾ

എ. ജിക്കെതിരായ വിമർശനം വസ്തുത അറിയാതെയെന്ന് നിയമവിദഗ്ദ്ധർ

കൊച്ചി: മൂന്നാറിൽ നിർമ്മിച്ച തടയണകൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ വിശദീകരണത്തിനെതിരായ വിമർശനം വസ്തുത അറിയാതെയാണെന്ന് നിയമ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടി.

മന്ത്രിസഭാ തീരുമാനമനുസരിച്ച് ലക്ഷ്മി, ചിറ്റുവര എസ്റ്റേറ്റുകളിൽ ടാറ്റ നിർമ്മിച്ച തടയണകൾ പൊളിച്ചുമാറ്റാൻ നിയമത്തിന്റെ നൂലാമാലകളേറെയായിരുന്നു. 'അനധികൃതമായി' നിർമ്മിച്ചിരിക്കുന്ന തടയണകൾ പൊളിച്ചുമാറ്റാനുള്ള നിയമ നടപടികളുമായി മുന്നോട്ടു പോകാനാണ് സർക്കാർ കളക്ടർക്ക് നേരത്തേ നിർദ്ദേശം നൽകിയിരുന്നത്. നിയമപരമായ നടപടികൾ കളക്ടർ പുറപ്പെടുവിച്ച നോട്ടീസിൽ ഒതുങ്ങുന്നതല്ല. നോട്ടീസ് നൽകിയ ഉടൻ പൊളിക്കുന്നത് നിയമവിരുദ്ധവുമാണ്. മന്ത്രിസഭാ തീരുമാനമനുസരിച്ച് നിർമ്മാണം അനധികൃതമാണോയെന്ന് കളക്ടർ കണ്ടെത്തണം. തുടർന്നാണ് നോട്ടീസ് നൽകേണ്ടത്. നോട്ടീസിനു മറുപടി ലഭിച്ചശേഷം ടാറ്റയുടെ വാദങ്ങൾ കേൾക്കാൻ അവസരമൊരുക്കണം.

ഈ നടപടിക്രമങ്ങളുടെ ഭാഗമായി ഇന്നലെ ടാറ്റയുടെ വാദം ഇടുക്കി ജില്ലാ കളക്ടർ കേട്ടു. ഹിയറിംഗ് നടത്തി അന്തിമ ഉത്തരവ് വരുന്നതു വരെ ബലംപ്രയോഗിച്ച് നടപടിയെടുക്കില്ലെന്നാണ് അഡ്വക്കേറ്റ് ജനറൽ സി. പി. സുധാകരപ്രസാദ് ഹൈക്കോടതിയിൽ ബോധിപ്പിച്ചത്. സർക്കാരിനെ സംരക്ഷിക്കുന്ന വിശദീകരണമായിരുന്നു അത്.

തടയണ നിർമ്മാണം അനധികൃതമാണെന്ന് കണ്ടെത്തിയാൽ നടപടി സ്വീകരിക്കാൻ ജില്ലാകളക്ടറെ ചുമതലപ്പെടുത്തി കഴിഞ്ഞ വെള്ളിയാഴ്ച റവന്യൂവകുപ്പ് ഉത്തരവിറക്കിയിരുന്നു. അതനുസരിച്ച് മുൻകാലപ്രാബല്യത്തോടെ കളക്ടർക്ക് അധികാരം ലഭിച്ചതിനാൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ നടപടിയെടുക്കാം.

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം അനുസരിച്ച് ജലസംരക്ഷണ നിയമത്തിലെ അഞ്ചാം വകുപ്പു പ്രകാരവും കളക്ടർക്ക് അധികാരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. മുൻകൂട്ടി അനുമതി വാങ്ങാതെ ജലസ്രോതസുകൾക്ക് തടസം സൃഷ്ടിക്കുന്നത് നിയമവിരുദ്ധമാണെന്നും തടസ്സങ്ങൾ പൊളിച്ചുമാറ്റാൻ സർക്കാരിനോ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥനോ അവകാശമുണ്ടെന്നും അഞ്ചാം വകുപ്പിലുണ്ട്. ഈ ഉത്തരവിൽ ചില അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് ഇന്നലെ ഭേദഗതിയോടെ വീണ്ടും വിജ്ഞാപനമിറക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ കേസ് ഇന്ന് പരിഗണിക്കുമ്പോൾ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയെ ധരിപ്പിക്കുമെന്നാണ് അറിയുന്നത്.

എച്ച്.എം.ടി കേസിലും എ.ജിയുടെ നിയമോപദേശം തുടക്കത്തിൽ വിവാദം സൃഷ്ടിച്ചിരുന്നു. ഭൂമി കൈമാറ്റം നിയമവിരുദ്ധമെന്ന ചീഫ് സെക്രട്ടറി ഉൾപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് തെറ്റാണെന്ന് എ.ജി അറിയിച്ചിരുന്നു. ഭൂമി വില്പനയ്ക്ക് എച്ച്.എം.ടിക്ക് അധികാരമുണ്ടെന്ന നിയമോപദേശമാണ് എ.ജി നൽകിയത്. അന്ന് പാർട്ടിയുടെ സെൽ സെക്രട്ടറിയെപ്പോലെ എ.ജി പ്രവർത്തിച്ചുവെന്ന് പ്രതിപക്ഷ കക്ഷികളും മറ്റും ആരോപിച്ചിരുന്നു.

എന്നാൽ ഭൂമി കൈമാറ്റം ഹൈക്കോടതി ശരിവച്ചതോടെ എ.ജിയുടെ നിയമോപദേശം തെറ്റിയില്ലെന്ന് തെളിഞ്ഞു. സുപ്രീംകോടതിയും എ. ജിയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലോടെ അപ്പീൽ തള്ളുകയായിരുന്നു.

18 പേർ അറസ്റ്റിൽ

കൽപ്പറ്റ വെള്ളാരംകുന്നിലും ആദിവാസികൾ ഭൂമി കൈയേറി

കൽപ്പറ്റ: ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ വെള്ളാരംകുന്നിലെ വിവാദ ഭൂമിയും കൈയേറി. ബത്തേരിക്കടുത്ത് കൃഷ്ണഗിരിയിൽ എം.വി. ശ്രേയാംസ്കുമാർ എം.എൽ.എയുടെ ഭൂമിയിൽ ആദിവാസികൾ അവകാശം സ്ഥാപിച്ചതിന് തൊട്ടുപിന്നാലെയാണ് വെള്ളാരംകുന്നിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റും ജനതാദൾ- എസ് നേതാവുമായ അഡ്വ. ജോർജ് പോത്തനടക്കം മൂന്നു പേർ കൈവശം വയ്ക്കുന്ന ഭൂമിയിലും കൈയേറ്റമുണ്ടായത്.

അതിനിടെ, ഭൂമി കൈയേറിയ ആദിവാസികളിൽ 18 പേരെ പൊലീസ് അറസ്റ്റ് ചെയ്തുനീക്കി. വയനാട്ടിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 200 ഓളം ആദിവാസികളാണ് വിവാദ കാഡ്ബറീസ് ഭൂമിയിലെ 67 ഏക്കറിൽ അവകാശം സ്ഥാപിച്ചത്. ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന 117 ഏക്കർ ഭൂമിയിൽ 50 ഏക്കർ കിൻഫ്രയ്ക്ക് വിറ്റ് സർക്കാരിൽ നിന്ന് കോടികൾ തട്ടിയെടുത്തുവെന്ന കേസിൽ അന്വേഷണം നേരിടുകയാണ് അഡ്വ. ജോർജ് പോത്തൻ. ശേഷിക്കുന്ന 67 ഏക്കർ ഭൂമിയാണ് ഇന്നലെ രാവിലെ 11 ഓടെ എ.കെ.എസ് കൈയേറിയത്. ഭൂമി കൈയേറാൻ സാധ്യതയുണ്ടെന്ന് മനസിലാക്കിയ അഡ്വ. ജോർജ് പോത്തൻ പൊലീസ് സംരക്ഷണം ആവശ്യപ്പെട്ടിരുന്നു. ഇതേത്തുടർന്ന് സ്ഥലത്തെത്തിയ പൊലീസ് സംഘമാണ് 18 പേരെ അറസ്റ്റ് ചെയ്തത്.

അതേസമയം, വയനാടിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമി കൈയേറ്റം തുടരുകയാണ്. മീനങ്ങാടിക്കടുത്ത് അപ്പാട്ട് വനംവകുപ്പിന്റെ അധീനതയിലുള്ള തേക്ക് പ്ളാന്റേഷനിൽ കഴിഞ്ഞ മാസം പട്ടികജാതി പട്ടികവർഗ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ കൈയേറി അവകാശം സ്ഥാപിച്ചിരുന്നു. ഹാരിസൺ മലയാളം പ്ളാന്റേഷൻ കൈവശം വച്ചിട്ടുള്ള ഭൂമിയിലും കൈയേറ്റമുണ്ടാകുമെന്നാണ് സമരക്കാർ നൽകുന്ന സൂചന.

വ്യാജരേഖാകേസ്: അന്വേഷണം കേരളത്തിലേക്കും

കാസർകോട് : ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റേതുൾപ്പെടെ നിരവധി വ്യാജരേഖകൾ ചമച്ച് തട്ടിപ്പുനടത്തിയ മംഗലാപുരം തൊക്കോട്ടെ തോമസ് ഡിസൂസയെക്കുറിച്ചുള്ള അന്വേഷണം മംഗലാപുരം പൊലീസ് കേരളത്തിലേക്കും വ്യാപിപ്പിച്ചു. വ്യാജരേഖകൾ ഉപയോഗിച്ചാണ് ഡിസൂസ തന്റെ ചിന്നാർ അസോസിയേറ്റ്സ് എന്ന പേരിലുള്ള ട്രാവൽ ഏജൻസി മുഖേന ആളുകളെ വിദേശത്തേക്ക് അയച്ചിരുന്നത്. ഇതുവഴി വൻതുക സമ്പാദിച്ചതായി കരുതുന്നു. ഇതിനകം അമ്പത്തിമൂന്നുപേരെ വിദേശ രാജ്യങ്ങളിലേക്ക് കയറ്റിയയച്ചിട്ടുണ്ടെന്ന് പൊലീസ് കണ്ടെത്തിയിട്ടുണ്ട്.

കോഴിക്കോട് പാസ്പോർട്ട് ഓഫീസിന്റേതായി ആറ് വ്യാജരേഖകൾ തയ്യാറാക്കിയതായും വ്യക്തമായി. കാസർകോട് മുൻ എസ്.പി.രാംദാസ് പോത്തന്റെ പേരിൽ രണ്ടും, കോഴിക്കോട് എസ്പിയുടെ പേരിൽ നാലും വ്യാജരേഖകൾ ഉപയോഗിച്ച് പാസ്പോർട്ട് ഉണ്ടാക്കി.

യു.ഡി.എഫുകാരെ കൈയേറ്റക്കാരെന്ന് വരുത്താൻ ശ്രമം : പിള്ള

തിരുവനന്തപുരം : മൂന്നാർ കൈയേറ്റം ഒഴിപ്പിക്കാനുള്ള ശ്രമത്തേക്കാൾ യു.ഡി.എഫുകാർ കൈയേറ്റക്കാരാണെന്ന് വരുത്തിത്തീർക്കാനുള്ള പാഴ്വേലയിലാണ് അച്യുതാനന്ദൻ ഗവൺമെന്റെന്ന് കേരള കോൺഗ്രസ് (ബി) ചെയർമാൻ ആർ. ബാലകൃഷ്ണപിള്ള പറഞ്ഞു. വിലക്കയറ്റത്തിനെതിരെ സെക്രട്ടേറിയറ്റ് പടിക്കൽ കേരള കോൺഗ്രസ് (ബി) ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു പിള്ള.

തിലകന്റെ ശ്രമം സിനിമയെ ജാതീയവത്കരിക്കാൻ: ഫെഫ്ക

കൊച്ചി: മലയാളസിനിമയെ ജാതീയവത്കരിക്കാനും രാഷ്ട്രീയവത്കരിക്കാനുമാണ് നടൻ തിലകൻ ശ്രമിക്കുന്നതെന്ന് ഫെഫ്ക ജനറൽ സെക്രട്ടറി ബി. ഉണ്ണിക്കൃഷ്ണൻ. തനിക്ക് പകരക്കാരുണ്ടെന്ന വസ്തുത അംഗീകരിക്കാതെ ഒരു ചിത്രത്തിൽ സ്വയം അടിച്ചേല്പിക്കാൻ ശ്രമിച്ചതോടെ തിലകനിലെ നടൻ ആത്മഹത്യ ചെയ്തുകഴിഞ്ഞെന്നും വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

ജോഷിയുടെ 'ക്രിസ്ത്യൻ ബ്രദേഴ്സ്' എന്ന ചിത്രത്തിൽ അഭിനയിപ്പിച്ചില്ലെങ്കിൽ തന്നിലെ നടൻ ആത്മഹത്യ ചെയ്യുമെന്ന തിലകന്റെ പ്രസ്താവനയ്ക്കും, കഴിഞ്ഞ ദിവസം അദ്ദേഹം ഉന്നയിച്ച ആരോപണങ്ങൾക്കും മറുപടി പറയുകയായിരുന്നു ഉണ്ണിക്കൃഷ്ണൻ. കമ്മ്യൂണിസ്റ്റെന്നു പറയുന്ന തിലകൻ സ്വന്തം താത്പര്യങ്ങൾക്കായി വ്യക്തിവാദവും അരാജകവാദവും ഉന്നയിക്കുകയാണ്. ഇത് കമ്മ്യൂണിസ്റ്റ് ശൈലിയല്ല. ഫെഫ്കയ്ക്ക് എതിരെ തിലകൻ ഉന്നയിച്ച ആരോപണങ്ങൾ 17 ന് ചേരുന്ന ജനറൽ കൗൺസിൽ പരിശോധിക്കും. തിലകന് മറുപടി നൽകാനല്ല, അദ്ദേഹത്തിന്റെ വ്യാജപ്രസ്താവന ജനങ്ങളിൽ ഉണ്ടാക്കുന്ന തെറ്റിദ്ധാരണകൾ ഒഴിവാക്കാനാണ് ഇതെന്നും ഉണ്ണിക്കൃഷ്ണൻ പറഞ്ഞു. ഫെഫ്ക തിലകന് ഉപരോധം ഏർപ്പെടുത്തിയിട്ടില്ല. അങ്ങനെ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുമില്ല. ഫെഫ്കയ്ക്കും തനിക്കുമെതിരെ ഉന്നയിച്ച ആരോപണങ്ങൾ തെളിയിച്ചാൽ ജനറൽ സെക്രട്ടറി സ്ഥാനം ഒഴിയാം. 15 വർഷമായി തിലകൻ ജോഷിയുടെ സിനിമകളിൽ അഭിനയിച്ചിട്ടില്ല. ജോഷിക്ക് തിലകനിൽ നിന്നുണ്ടായ ദുരനുഭവമാണ് കാരണം. ഫെഫ്ക പ്രസിഡന്റ് സിബി മലയിൽ, ജോഷി മാത്യു, ജി.എസ് വിജയൻ, മെക്കാർട്ടിൻ, കലൂർ ഡെന്നീസ്, ശാന്തിവിള ദിനേശ്, ഫാസിൽ കാട്ടുങ്ങൽ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ഊരുവിലക്കാണെങ്കിൽ പരസ്യമായി പറയണം: വിനയൻ

ആലപ്പുഴ: 'യക്ഷിയും ഞാനും' എന്ന തന്റെ പുതിയ സിനിമയുടെ ഷൂട്ടിംഗ് തടയാൻ കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ സെക്രട്ടറി ജി. സുരേഷ്കുമാർ സൗത്ത് ഇന്ത്യൻ ഫിലിം ചേംബറിന് രഹസ്യ കത്തു നല്കിയെന്ന് സംവിധായകൻ വിനയൻ. സിനിമയിൽ തനിക്ക് ഊരുവിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അക്കാര്യം സംഘടനാ നേതാക്കൾ പരസ്യമാക്കണമെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു.

കത്ത് സാംസ്ക്കാരിക വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രതികരണമറിഞ്ഞ ശേഷം ബാക്കി കാര്യം തീരുമാനിക്കും. ഒരു രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടതിന്റെ പേരിൽ തൊഴിൽ നിഷേധിക്കുന്നത് ശരിയാണോ എന്ന് വ്യക്തമാകേണ്ടതുണ്ട്. എന്തായാലും 'യക്ഷിയും ഞാനും' മേയിൽ റിലീസ് ചെയ്യും. പ്രദർശിപ്പിക്കാൻ സമ്മതമാണെന്ന് ഫിലിം എക്സിബിറ്റേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് ലിബർട്ടി ബഷീർ അറിയിച്ചിട്ടുണ്ട്- അദ്ദേഹം പറഞ്ഞു.

ഉപദ്രവിക്കരുതെന്ന് നിർമ്മാതാവ്

അംഗത്വഫീസായ 50,000 രൂപ കെട്ടിവച്ചിട്ടും പ്രൊഡ്യൂസേഴ്സ് കൗൺസിൽ തനിക്ക് അംഗത്വം നൽകിയില്ലെന്ന് 'യക്ഷിയും ഞാനും' എന്ന ചിത്രത്തിന്റെ നിർമ്മാതാവും വിദേശ മലയാളിയുമായ റൂബൻ ഗോമസ് പറഞ്ഞു. വിനയനെ വച്ച് ചിത്രമെടുക്കരുതെന്ന് പറഞ്ഞ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ നേതാക്കളോട് അക്കാര്യം എഴുതിത്തരാൻ ആവശ്യപ്പെട്ടെങ്കിലും തയ്യാറായില്ല. സഹായിച്ചില്ലെങ്കിലും ഉപദ്രവിക്കരുത്- അദ്ദേഹം പറഞ്ഞു.

തിലകന്റെ കോലം മമ്മൂട്ടി ഫാൻസ് കത്തിച്ചു

തിരൂർ: മമ്മൂട്ടി ഫാൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടൻ തിലകന്റെ കോലം കത്തിച്ചു. തിരൂരിൽ ഖയാം തിയേറ്റർ പരിസരത്ത് വച്ചായിരുന്നു മമ്മൂട്ടി ആരാധകരുടെ പ്രതിഷേധം. മമ്മൂട്ടിക്കെതിരെ കഴിഞ്ഞ ദിവസം തിലകൻ നടത്തിയ പ്രസ്താവനകളിൽ പ്രതിഷേധിച്ചാണ് ആരാധകർ കോലം കത്തിച്ചത്. ജില്ലാ പ്രസിഡന്റ് ലത്തീഫ് പൊന്നാനി, സെക്രട്ടറി അഷ്റഫ് ഉണ്ണ്യാൽ, വൈസ് പ്രസിഡന്റ് മുസ്തഫ താനൂർ എന്നിവർ നേതൃത്വം നൽകി.

കോഴിക്കോട് ഇരട്ട സ്ഫോടനം:

നസീറിന്റെ മൊഴി പ്രത്യേക കോടതിയിൽ സമർപ്പിച്ചു

കൊച്ചി: ബാംഗ്ളൂർ ജയിലിൽ കഴിയുന്ന ഭീകരവാദി തടിയന്റവിട നസീറിന്റെ മൊഴി ദേശീയ അന്വേഷണ ഏജൻസി എറണാകുളം സി.ബി.ഐ പ്രത്യേക കോടതിയിൽ സമർപ്പിച്ചു.

ബാംഗ്ളൂർ സ്ഫോടന കേസിൽ ജയിലിലുള്ള നസീറിനെ കോഴിക്കോട് ഇരട്ടസ്ഫോടനവുമായി ബന്ധപ്പെട്ട് എൻ.ഐ.എ ചോദ്യം ചെയ്തിരുന്നു. ഇരട്ട സ്ഫോടനവുമായി ബന്ധപ്പെട്ട കേസ് ഡയറിയും ഇന്നലെ കോടതിയിൽ നല്കി. കേസിന്റെ സംക്ഷിപ്ത റിപ്പോർട്ട് സമർപ്പിക്കാൻ ജഡ്ജി എസ്. വിജയകുമാർ എൻ.ഐ.എക്ക് നിർദ്ദേശംനല്കി.

വിയ്യൂർ സെൻട്രൽ ജയിലിൽനിന്നു കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റണമെന്ന മൂന്നാം പ്രതി അബ്ദുൾ ഹാലിമിന്റെ ആവശ്യത്തെ എൻ.ഐ.എ കോടതിയിൽ എതിർത്തു. സ്ഫോടനവുമായി ബന്ധപ്പെട്ട ഗൂഢാലോചന നടന്നത് കണ്ണൂരിലാണെന്നതും പ്രതിയുടെ പ്രാദേശിക ബന്ധവും കണക്കിലെടുത്ത് ജയിൽ മാറ്റം അനുവദിക്കരുതെന്ന് എൻ.ഐ.എ പ്രോസിക്യൂട്ടർ രവീന്ദ്രൻ പറഞ്ഞു. കേസ് എറണാകുളം കോടതിയിലായതിനാൽ ഈ ആവശ്യത്തിൽ കഴമ്പില്ലെന്നും എൻ.ഐ.എ സമർപ്പിച്ച വിശദീകരണത്തിലുണ്ട്.

ഇരട്ട സ്ഫോടനവുമായി ബന്ധപ്പെട്ട് കസ്ബ പൊലീസ് രജിസ്റ്റർചെയ്ത കേസിലും അബ്ദുൾ ഹാലിമിന്റെ ജാമ്യാപേക്ഷ കോടതി തള്ളി. കേസ് ഡയറിയും മറ്റു വിശദാംശങ്ങളും പരിശോധിച്ചാൽ ഭീകരവാദ പ്രവർത്തനങ്ങളിൽ പ്രതിക്ക് പങ്കുണ്ടെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ ജാമ്യമില്ലാ കുറ്റമായി കണക്കാക്കാവുന്നതാണെന്നും കോടതി വ്യക്തമാക്കി. കളമശ്ശേരി ബസ് കത്തിക്കൽ കേസിലെ നാലും എട്ടും പ്രതികളെ ഇന്ന് സി.ബി.ഐ കോടതിയിൽ ഹാജരാക്കും.

ഇറങ്ങും മുമ്പേ ഗാർഡ് പച്ചക്കൊടി കാട്ടി

സഹോദരന്റെ സംസ്കാരം കഴിഞ്ഞ് മടങ്ങിയ വീട്ടമ്മ ട്രെയിനിൽ നിന്ന് വീണു മരിച്ചു

സഫിയ

താനൂർ : സഹോദരന്റെ സംസ്കാരത്തിൽ പങ്കെടുത്തു മടങ്ങവേ ട്രെയിനിൽ നിന്ന് വീണ് സ്ത്രീ മരിച്ചു. ഇന്നലെ പുലർച്ചേ നാലോടെ താനൂർ സ്റ്റേഷനിലിറങ്ങുംമുമ്പ് മുന്നോട്ടെടുത്ത വണ്ടിയിൽ നിന്ന് വീണാണ് താനൂർ മെദുകയിൽ സഫിയ(40) മരിച്ചത്. സഹോദരനായ മെദുകയിൽ ഹൈദരലിയുടെ സംസ്കാരത്തിൽ പങ്കെടുത്ത് കോട്ടയത്ത് നിന്ന് ഉമ്മയും സഹോദരിമാരുമടങ്ങുന്ന കുടുംബാംഗങ്ങളോടൊപ്പം മലബാർ എക്സ്പ്രസിൽ വന്ന് ഇറങ്ങുമ്പോഴായിരുന്നു അപകടം.

താനൂർ സ്റ്റേഷനു സമീപത്താണ് സഫിയയുടെ വീട്. ഭർത്താവ് പാലേരി അബ്ദു ശ്ലത്തീഫ് (ജിദ്ദ). മക്കൾ: ഷരീഫ്, ശരീഫ, ഷഫീഖ്, ഷഹദ്. മാതാവ്: ബിയ്യു.

സ്ത്രീകളെല്ലാം ഇറങ്ങിത്തീരുന്നതിനുമുമ്പ് ഗാർഡ് പച്ചക്കൊടി കാട്ടി, ട്രെയിൻ മുന്നോട്ടെടുത്തതാണ് അപകടകാരണമെന്ന് പരാതി ഉയർന്നിട്ടുണ്ട്. ഒരു മിനിറ്റാണ് ട്രെയിനിന് താനൂരിൽ സ്റ്റോപ്പ്. കുറെ സ്ത്രീകൾ ഇറങ്ങാനുണ്ടെന്ന കാര്യം ഗാർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതായി സഫിയക്കൊപ്പമുണ്ടായിരുന്ന സ്ത്രീകൾ പറഞ്ഞു. ഗാർഡ്റൂമിനോട് ചേർന്നാണ് ഇവർ സഞ്ചരിച്ചിരുന്ന ലേഡീസ് കമ്പാർട്ട്മെന്റ് എന്നിരിക്കേ തികഞ്ഞ അശ്രദ്ധയാണ് മരണകാരണമായതെന്ന് കാണിച്ച് അബ്ദുറഹ്മാൻ രണ്ടത്താണി എം.എൽ.എ കേന്ദ്രറെയിൽവേ സഹമന്ത്രി ഇ.അഹമ്മദിന് അയച്ച പരാതിയിന്മേൽ, സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുമെന്നും മരിച്ച സ്ത്രീയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ നടപടികളെടുക്കുമെന്നും ഉറപ്പുലഭിച്ചതായി എം.എൽ.എ പറഞ്ഞു.

മൂന്ന് പ്ളാറ്റ്ഫോമുകളുള്ള താനൂർ റെയിൽവേ സ്റ്റേഷനിൽ ഒന്നാം നമ്പർ പ്ളാറ്റ്ഫോമിൽ 16 ബോഗികൾ ഉൾക്കൊള്ളാനേ കഴിയൂ. ലേഡീസ് കമ്പാർട്ട്മെന്റ് അടക്കം അഞ്ചോളം ബോഗികൾ പ്ളാറ്റ്ഫോമിന് പുറത്ത് കാടുപിടിച്ച് കിടക്കുന്ന സ്ഥലത്താണ് നിൽക്കുക. ഇവിടെ വെളിച്ചമില്ലാത്തതും പലപ്പോഴും അപകടത്തിനിടയാക്കുന്നു.